ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE: 05.12.2025 | പ്രധാന വാർത്തകൾ | TIME : 07.25 AM

1. 23-ാമത് ഇന്ത്യ - റഷ്യ വാർഷിക ഉച്ചകോടി ഇന്ന് ന്യൂഡൽഹിയിൽ ആരംഭിക്കും. പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിന്റെ കൂടിക്കാഴ്ച ഇന്ന്.

   **The 23rd India–Russia Annual Summit will begin today in New Delhi. Russian President Vladimir Putin will meet Prime Minister Narendra Modi today.**

2. ആഗോള അനിശ്ചിതത്വങ്ങൾക്കിടയിലും ഇന്ത്യ-റഷ്യ ബന്ധം ശക്തമായി തുടരുകയാണെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്.

   **Defence Minister Rajnath Singh says, India-Russia ties deepen amid global uncertainty.**

3. തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിൽ ഏർപ്പെട്ടിരിക്കുന്ന ബി എൽ ഓമാരുടെ ജോലിഭാരം ലഘൂകരിക്കുന്നതിന് നിർദേശങ്ങൾ പുറത്തിറക്കി സുപ്രീം കോടതി.

   **Supreme Court directs States to reduce workload of BLOs engaged in ongoing Special Intensive Revision of electoral rolls.**

4. കേരളത്തിൽ തദ്ദേശ തിരഞ്ഞെടുപ്പിന്റെ ആദ്യ ഘട്ട വോട്ടെടുപ്പിന് ദിവസങ്ങൾ മാത്രം. പ്രചാരണത്തിൽ സജീവമായി സ്ഥാനാർത്ഥികൾ.

   **Only a few days remaining for the first phase of the local body elections in Kerala. Campaigning intensify.**

5. പാസ്പോർട്ട് വെരിഫിക്കേഷൻ റെക്കോർഡുകൾ ഡിജിലോക്കർ പ്ലാറ്റ്ഫോമിൽ ലഭ്യമാക്കി കേന്ദ്ര സർക്കാർ.

**Passport Verification Record is now available on Digilocker platform for the ease of the citizens.**

6. ആരോഗ്യമുള്ള നഗരങ്ങൾക്കായി ആരോഗ്യമുള്ള മണ്ണ് എന്ന സന്ദേശവുമായി ഇന്ന് ലോക മണ്ണ് ദിനം.

**World Soil Day is observed today, with the message of 'Healthy Soils for Healthy Cities.**

# PUTIN INDIA VISIT (INTRO)

23-ാമത് ഇന്ത്യ - റഷ്യ വാർഷിക ഉച്ചകോടി ഇന്ന് ന്യൂഡൽഹിയിൽ ആരംഭിക്കും. ഉച്ചകോടിയിൽ പങ്കെടുക്കുന്നതിനൊായ് റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിൻ ഇന്നലെ ന്യൂഡൽഹിയിലെത്തി.

വിശദാംശങ്ങളിലേക്ക്....

*(വോയിസ്)*

*ഡൽഹി വിമാനത്താവളത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി നേരിട്ടെത്തിയാണ് റഷ്യൻ പ്രസിഡന്റിനെ ഇന്നലെ സ്വീകരിച്ചത്. ആപ്രതീക്ഷിതമായി പ്രധാനമന്ത്രി സ്വീകരിക്കാൻ എത്തിയതിൽ ഏറെ സന്തോഷമുണ്ടെന്ന് റഷ്യൻ വക്താവ് ദിമിത്രി പെസ്കോവ് പറഞ്ഞു. ഇന്ത്യ - റഷ്യ സൗഹൃദത്തിന്റെ അടയാളമാണിതെന്നും അദ്ദേഹം അറിയിച്ചു. ഇന്ന് രാവിലെ രാഷ്ട്രപതിഭവനിൽ റഷ്യൻ പ്രസിഡന്റിന് ആചാരപരമായ സ്വീകരണം നൽകും. തുടർന്ന് രാജ്ഘട്ടത്തിൽ രാഷ്ട്രപിതാവ് മഹാത്മ ഗാന്ധിക്ക് അദ്ദേഹം ശ്രദ്ധാഞ്ജലി അർപ്പിക്കും. പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി റഷ്യൻ പ്രസിഡന്റ് ഇന്ന് ഹൈദരാബാദ് ഹൗസിൽ കൂടിക്കാഴ്ച നടത്തും. അദ്ദേഹത്തോടുള്ള ആദരസൂചകമായി രാഷ്ട്രപതി ദ്രൗപദി മുർമു ഒരുക്കുന്ന അത്താഴ വിരുന്നിലും*

*വ്ളാഡിമിർ പുടിൻ പങ്കെടുക്കും.*
*ന്യൂസ് ഡെസ്ക്, ആകാശവാണി...*

*************************

## PUTIN - INTERVIEW

ഇന്ത്യ-റഷ്യ സഹകരണം ഒരു രാജ്യത്തിനും എതിരല്ലെന്നും ഇരു രാജ്യങ്ങളുടെയും ദേശീയ താൽപ്പര്യങ്ങൾ സംരക്ഷിക്കുക മാത്രമാണ് ലക്ഷ്യമെന്നും റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിൻ. ഊർജ്ജ മേഖലയിൽ ഇരു രാജ്യങ്ങൾക്കുമിടയിലുള്ള ബന്ധം തടസപ്പെടുത്താൻ ചില ശ്രമങ്ങൾ നടക്കുന്നുണ്ടെന്നും രണ്ട് ദിവസത്തെ ഇന്ത്യ സന്ദർശനത്തിന് മുന്നോടിയായി ഒരു ടിവി ചാനലിന് നൽകിയ അഭിമുഖത്തിൽ പുടിൻ വ്യക്തമാക്കി.

*************************

## RAJNATH SINGH (INTRO)

ആഗോള അനിശ്ചിതത്വങ്ങൾക്കിടയിലും ഇന്ത്യ-റഷ്യ ബന്ധം ശക്തമായി തുടരുകയാണെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്. ന്യൂഡൽഹിയിൽ 22-ാമത് ഇന്ത്യ-റഷ്യ സൈനിക സാങ്കേതിക സഹകരണ മന്ത്രിതല യോഗത്തിൽ സഹ-അധ്യക്ഷത വഹിക്കുകയായിരുന്നു അദ്ദേഹം.

(വോയിസ്)

റഷ്യയുടെ നേതൃത്വത്തിലുള്ള യുറേഷ്യൻ സാമ്പത്തിക യൂണിയനുമായി സ്വതന്ത്ര വ്യാപാര കരാറിനുള്ള ചർച്ചകളെ ഇന്ത്യ സ്വാഗതം ചെയ്യുന്നതായും രാജ്യരക്ഷാ മന്ത്രി പറഞ്ഞു.

*************************

## PIYUSH GOYAL

അന്താരാഷ്ട്ര തലത്തിൽ അനിശ്ചിതത്വം തുടരുമ്പോഴും അചഞ്ചലമായ ഐക്യദാർഢ്യത്തിന്റെ തെളിവായി ഇന്ത്യ-റഷ്യ ബന്ധം നിലകൊള്ളുന്നുവെന്ന് കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രി പിയൂഷ് ഗോയൽ. ന്യൂഡൽഹിയിൽ നടന്ന ഇന്ത്യ-റഷ്യ വ്യവസായ ഫോറത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. വ്യാപാര വളർച്ചക്കും സാമ്പത്തിക സഹകരണത്തിനും ലോകരാജ്യങ്ങൾക്ക് വിശ്വസ്തമായ പങ്കാളിയാണ് ഇന്ത്യയെന്നും അദ്ദേഹം വ്യക്തമാക്കി.

*************************

## DGCA - INDIGO DISRUPTION

ഇൻഡിഗോയുടെ ഉന്നത ഉദ്യോഗസ്ഥരുമായി സിവിൽ ഏവിയേഷൻ ഡയറക്ടറേറ്റ് ജനറൽ അവലോകന യോഗം ചേർന്നു. വ്യോമയാനമന്ത്രി റാം മോഹൻ നായിഡു സന്നിഹിതനായിരുന്നു. കഴിഞ്ഞ മാസം മുതൽ നിരവധി ഇൻഡിഗോ സർവ്വീസുകൾ തടസ്സപ്പെട്ടതിന്റെ പശ്ചാതലത്തിലായിരുന്നു യോഗം. പ്രതിദിനം 170 മുതൽ 200 സർവ്വീസുകൾ വരെ റദ്ദാക്കിയിരുന്നു. തടസ്സങ്ങൾ പരിഹരിക്കുന്നതിനും ക്രൂ റിക്രൂട്ട്മെന്റ്, പരിശീലനം, സുരക്ഷാ ആസൂത്രണം എന്നിവയ്ക്കുമായി വിശദമായ മാർഗരേഖ തയ്യാറാക്കാൻ വ്യോമയാനമന്ത്രി നിർദേശം നൽകി.

*************************

## RBI POLICY

റിസർവ് ബാങ്കിന്റെ ദ്വൈമാസ ധനനയം ഇന്ന് പ്രഖ്യാപിക്കും. ആർബിഐ ഗവർണർ സഞ്ജയ് മൽഹോത്രയാണ് നയം പ്രഖ്യാപിക്കുന്നത്. ആർബിഐയുടെ ധനനയ സമിതി ഇത് സംബന്ധിച്ച ചർച്ചകൾ ബുധനാഴ്ച മുംബൈയിൽ ആരംഭിച്ചിരുന്നു.

*************************

## DIGILOCKER

പാസ്പോർട്ട് വെരിഫിക്കേഷൻ റെക്കോർഡുകൾ ഇനിമുതൽ ഡിജിലോക്കർ പ്ലാറ്റ്ഫോമിൽ ലഭ്യമാകും. പേപ്പർ രഹിത സേവനം പ്രോത്സാഹിപ്പിക്കുന്നതിനായി വിദേശകാര്യ മന്ത്രാലയവുമായി സഹകരിച്ച് വാർത്താവിനിമയ മന്ത്രാലയമാണ് ഈ സൗകര്യം ഒരുക്കിയത്. രേഖകൾ സുരക്ഷിതമായി സൂക്ഷിക്കാനും വിശദമായി പരിശോധിക്കാനും ഇത് പൗരന്മാരെ സഹായിക്കുന്നു. ഡിജിലോക്കറിന്റെ ഇഷ്യുഡ് ഡോക്യുമെന്റ് വിഭാഗത്തിലാകും പാസ്പോർട്ട് വെരിഫിക്കേഷൻ റെക്കോർഡുകൾ ലഭ്യമാവുക.

*************************

## GUJARAT - AMIT SHAH

കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ മൂന്ന് ദിവസത്തെ സന്ദർശനത്തിനായി ഇന്ന് ഗുജറാത്തിലെത്തും. അഹമ്മദാബാദിലെ മേംനഗറിൽ സ്വദേശി ജാഗരൺ മഞ്ച് സംഘടിപ്പിക്കുന്ന "സ്വദേശ്ശോത്സവ്" അദ്ദേഹം ഉദ്ഘാടനം ചെയ്യും. ഗാന്ധിനഗറിലെ മഹാത്മാ മന്ദിറിൽ നടക്കുന്ന നബാർഡിന്റെ ഭൗമ ഉച്ചകോടിയുടെ സമാപന ചടങ്ങിലും അദ്ദേഹം പങ്കെടുക്കും.

*************************

## NIA-ARRESTS

അനധികൃതമായി ആയുധങ്ങൾ കൈവശം വെച്ചതിനും ആയുധ കടത്ത് നടത്തിയതിനും നാല് പേരെ ദേശീയ അന്വേഷണ ഏജൻസി അറസ്റ്റ് ചെയ്തു. മൂന്ന് സംസ്ഥാനങ്ങളിലായി എൻ ഐ എയുടെ 22 സംഘങ്ങൾ നടത്തിയ വ്യാപക തിരച്ചിലിലാണ് ഇവർ പിടിയിലായത്.

ബിഹാറിലെ നളന്ദ, ഷെയ്ഖ്പുര, പട്ന, ഉത്തർപ്രദേശിലെ 13 ഇടങ്ങൾ, ഹരിയാനയിലെ കുരുക്ഷേത്ര ജില്ലയിലെ രണ്ട് പ്രദേശങ്ങൾ തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു. ഒരു കോടിയിലധികം രൂപയും ഡിജിറ്റൽ ഉപകരണങ്ങളും കണ്ടെടുത്തു.

*************************

## SC SIR

തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിൽ ഏർപ്പെട്ടിരിക്കുന്ന ബൂത്ത് ലെവൽ ഓഫീസർമാരുടെ ജോലിഭാരം ലഘൂകരിക്കുന്നതിന് നിർദേശങ്ങൾ പുറത്തിറക്കി സുപ്രീം കോടതി. ജോലി സമ്മർദ്ദം കാരണം ചില ബി എൽ ഒമാർ മരിക്കാനിടയായ സംഭവങ്ങൾ ചൂണ്ടിക്കാട്ടി സമർപ്പിച്ച ഹർജി പരിഗണിക്കുകയായിരുന്നു കോടതി. ജോലിഭാരം കുറയ്ക്കാൻ അധിക ജീവനക്കാരെ നിയോഗിക്കണമെന്ന് സുപ്രീം കോടതി സംസ്ഥാന സർക്കാരുകൾക്ക് നിർദേശം നൽകി. അതേസമയം, രാജ്യത്ത് എസ് ഐ ആർ രണ്ടാം ഘട്ടത്തിന്റെ ഭാഗമായി ഇതുവരെ വിതരണം ചെയ്ത എന്യുമറേഷൻ ഫോമുകളുടെ എണ്ണം 50 കോടി 97 ലക്ഷം കവിഞ്ഞതായി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു. രണ്ടാം ഘട്ടത്തിൽ ഉൾപ്പെട്ട 51 കോടി സമ്മതിദായകരുടെ 99.83 ശതമാണിത്.

*************************

## SIR KERALA

തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിന്റെ ഭാഗമായി സംസ്ഥാനത്ത് ഇന്നലെ വൈകിട്ട് 6 മണിവരെ ഡിജിറ്റൈസ് ചെയ്ത എന്യുമറേഷൻ ഫോമുകളുടെ എണ്ണം 2 കോടി 61 ലക്ഷത്തി 55,000 ത്തോട് അടുക്കുന്നതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ.യു.കേൽക്കർ. ഇത് മൊത്തം വിതരണം ചെയ്ത ഫോമുകളുടെ 93.91% ആണ്.

*************************

## KERALA ELECTION

കേരളത്തിൽ തദ്ദേശ തിരഞ്ഞെടുപ്പിനുള്ള ഒരുക്കങ്ങൾ പുരോഗമിക്കുന്നു. പരസ്യപ്രചാരണത്തിന് ദിവസങ്ങൾ മാത്രം ശേഷിക്കെ സ്ഥാനാർത്ഥി പര്യടനങ്ങളും സജീവമാണ്. ആദ്യഘട്ട വോട്ടെടുപ്പ് ചൊവ്വാഴ്ച നടക്കും. രണ്ടാം ഘട്ടം ഈ മാസം 11 ന് നടക്കും. 13 നാണ് വോട്ടെണ്ണൽ. തിരഞ്ഞെടുപ്പ് ജോലിക്കായി നിയോഗിക്കുന്ന ഉദ്യോഗസ്ഥരുടെ നിയമന പ്രക്രിയയുമായി ബന്ധപ്പെട്ട് അന്തിമ റാൻഡമൈസേഷൻ പൂർത്തിയായി.

*************************

## PARLIAMENT JAISANKAR (INTRO)

വിദേശത്തുള്ള ഇന്ത്യൻ പൗരന്മാരുടെ സുരക്ഷയ്ക്കും, ക്ഷേമത്തിനും കേന്ദ്ര സർക്കാർ വലിയ മുൻഗണന നൽകുന്നുണ്ടെന്ന് വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ. അമേരിക്കയിൽ നിന്ന് ഇന്ത്യൻ പൗരന്മാരെ നാടുകടത്തുന്നതുമായി ബന്ധപ്പെട്ട് ചർച്ചകൾ നടന്നുവരികയാണ്. അനധികൃത കുടിയേറ്റം നടത്തുന്ന ഇടനിലക്കാരെയും സഹായികളെയും കണ്ടെത്താനും അവർക്കെതിരെ നടപടി എടുക്കാനുമുള്ള ശ്രമങ്ങൾ ഊർജിതമായി തുടരുകയാണെന്നും ശ്രീ ജയ്ശങ്കർ ഇന്നലെ രാജ്യസഭയെ അറിയിച്ചു.

(ഹോൾഡ് വോയിസ്)

ശീതകാലസമ്മേളനത്തിന്റെ നാലാം ദിവസമായ ഇന്നലെ സെൻട്രൽ എക്സൈസ് ഭേദഗതി ബിൽ പാർലമെന്റ് പാസ്സാക്കി. വിവിധ പുകയില ഉൽപ്പന്നങ്ങളുടെ എക്സൈസ് തീരുവയും സെസ്സും വർദ്ധിപ്പിക്കാൻ വ്യവസ്ഥ ചെയ്യുന്നതാണ് ബിൽ.

ആരോഗ്യ സുരക്ഷാ ദേശീയ സുരക്ഷാ സെസ് ബിൽ 2025 കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ ലോക്സഭയിൽ അവതരിപ്പിച്ചു.

*************************

## WORLD SOIL DAY

ഇന്ന് ലോക മണ്ണ് ദിനം. ആവാസവ്യവസ്ഥയുടെ പ്രവർത്തനങ്ങൾ, ഭക്ഷ്യസുരക്ഷ എന്നിവയിൽ മണ്ണ് വഹിക്കുന്ന പങ്കിനെക്കുറിച്ച് ആഗോള അവബോധം വളർത്തുന്നതിനായാണ് മണ്ണ് ദിനം ലക്ഷ്യമിടുന്നത്. നഗരങ്ങളിൽ മണ്ണ് സംരക്ഷിക്കപ്പെടേണ്ടതിന്റെ പ്രാധാന്യം സൂചിപ്പിച്ച് - ആരോഗ്യമുള്ള നഗരങ്ങൾക്കായി ആരോഗ്യമുള്ള മണ്ണ് എന്നതാണ് ഈ വർഷത്തെ ദിനാചരണ പ്രമേയം.

*************************

## OPERATION SAGAR BANDHU

ദ്വിത്വാ ചുഴലിക്കാറ്റ് നാശം വിതച്ച ശ്രീലങ്കയ്ക്കുള്ള സഹായം തുടർന്ന് ഇന്ത്യ. ഓപ്പറേഷൻ സാഗർ ബന്ധുവിന്റെ ഭാഗമായി 65 ടണ്ണുള്ള ബെയ്‌ലി പാലം വ്യോമസേന കൊളംബോയിലെത്തിച്ചു. MI-17 V-5 ഹെലികോപ്റ്ററുകൾ 6 ടൺ ദുരിതാശ്വാസ വസ്തുക്കൾ ദുരിതബാധിതർക്കെത്തിച്ചതായി പ്രതിരോധമന്ത്രാലയം സമൂഹമാധ്യമത്തിൽ അറിയിച്ചു.

*************************

## FOOTBALL-AIFF SUPER CUP

ഗോവയിൽ നടക്കുന്ന AIFF സൂപ്പർ കപ്പിന്റെ ഫൈനലിൽ ഈസ്റ്റ് ബംഗാൾ, എഫ്സി ഗോവയെ നേരിടും. ആദ്യ സെമിയിൽ ഈസ്റ്റ് ബംഗാൾ, പഞ്ചാബ് എഫ്സിയെ ഒന്നിനെതിരെ 3 ഗോളിനു പരാജയപ്പെടുത്തി. മുംബൈ സിറ്റി എഫ്സിയെ 2-1ന്

പരാജയപ്പെടുത്തിയാണ് എഫ്സി ഗോവ ഫൈനലിൽ സ്ഥാനം ഉറപ്പിച്ചത്.

*

*************

*************************************